gulf madhyamam daily
The First International Indian Newspaper

28/2/2013

കുവൈ

# അബ്ദുസലാം കുഞ്ഞിൻെറ കുടുംബത്തിന് ഒരുമ സഹായധനം കൈമാറി

കുവൈത്ത് സിറ്റി: ഒരുമ കുവൈത്തിൽ അംഗമായിരിക്കെ മരണപ്പെട്ട കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി സ്വദേശി പോച്ചയിൽ അബ്ദുസലാം കുഞ്ഞിൻെറ കുടുംബത്തിന് ഒരുമയുടെ സഹായധനം കൈമാറി. അർദിയയിലെ വീട്ടിൽ ഡ്രൈവറായിരുന്ന അബ്ദുസലാം കഴിഞ്ഞ മാസം കുവൈത്തിൽ വെച്ച് മരണപ്പെടുകയായിരുന്നു.

ജീവകാരുണ്യപ്രവർത്തകൻ മെഹർ ഖാൻ, സോളിഡാരിറ്റി ജില്ലാ പ്രസിഡൻറ് എ.എ കബീർ, ജില്ല സെക്രട്ടറി ശഫീഖ് ചോയക്കോട്, ഏരിയ പ്രസിഡൻറ് ബി.എം സമീർ, ജമാഅത്തെ ഇസ്ലാമി ഏരിയ പ്രസിഡൻറ് ഇ. ശംസുദ്ദീൻ, വെൽഫയർ പാർട്ടി ജില്ലാ ട്രഷറർ അബ്ദുസമദ് എന്നിവർ അബ്ദുസലാം കുഞ്ഞിൻെറ വീട് സന്ദർശിച്ച് സാഹായധനമായ രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾക്ക് കൈമാറി. കെ.ഐ.ജിയുടെ കുവൈത്ത് മലയാളികൾക്കുള്ള സാമൂഹ്യ ക്ഷേമ പദ്ധതിയായ ഒരുമയിൽ ജാതി, മത, സംഘടനാ വ്യത്യാസങ്ങൾക്കതീതമായി 21 വയസ്സ് പൂർത്തിയായ കുവൈത്തിൽ സ്ഥിരതാമസക്കാരനായ ഏതൊരു പ്രവാസി മലയാളിക്കും അംഗമായി ചേരാം. അര ദീനാർ രജിസ്ട്രേഷൻ ഫീസും ഒരു ദീനാർ വാർഷിക സംഖ്യയും കൊടുത്ത് അംഗമാകുന്നവർ മരിച്ചാൽ രണ്ട് ലക്ഷം രൂപ അവർ നിർദേശിക്കുന്ന വ്യക്തിക്ക് സഹായ ധനമായി നൽകും. 2013 കാലയളവിലേക്കുള്ള അംഗത്വം പുതുക്കാനോ അംഗമാകാനോ ഉള്ള കാലാവധി ഇന്ന് അവസാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് 99893650 എന്ന നമ്പറിൽ ബന്ധപ്പെടുകയോ www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

കുവൈത്ത് സിറ്റി: കുവൈ
ലെ പ്രവാസി ദേശീയ കൾച്ച
കോൺഗ്രസിൻെറ നേ
തൃത്വത്തിൽ പിക്നികും കുടും
സംഗമവും സംഘടിപ്പിച്ചു.
കൊപ്പാറ ഉദ്ഘാടനം ചെയ്
പ്രസിഡൻറ് ജേക്കബ് ചെണ്ണ
ട്ട അധ്യക്ഷത വഹിച്ചു.

ജനറൽ സെക്രട്ടറി ജോയ് കര
ളൂർ സ്വാഗതവും ജോസഫ് കോ
റ, ഷിബു കുണ്ടറ, ജോസ് സ
വൽ, അലക്സ് പനവേലി,
ഡ്വ.തോമസ് വിതയത്തിൽ, മി
ചെറിയാൻ, ബെന്നി പെരി
ലേത്ത്, ഇടവ യാക്കൂബ്, സ്റ്റാ
കുത്തുപുഴ, അഭിലാഷ് അരീക്ക
എന്നിവർ ആശംസകളർപ്പിച്ചു.
ബ്ദുള്ള തൃക്കരിപ്പൂർ നന്ദി പറഞ്ഞ
വിവിധ കലാമൽസരങ്ങൾ നട
വൈസ് പ്രസിഡൻറ് സെബാ
റ്റ്യൻ പുരയിടത്തിൽ, മഹി
കോൺഗ്രസ് പ്രസിഡൻറ് ജോളി
ജൻ എന്നിവർ പരിപാടികൾക്ക്
തൃത്വം നൽകി.

വിശദമായ തെളിവെടുപ്പ് നടത്തുകയും
രലടയാളങ്ങൾ ശേഖരിക്കുകയും ചെയ്തു. സംഭവത്തിൽ പരാതിക്കാരന് തന്നെ ഏതെങ്കിലും തരത്തിൽ പങ്കുണ്ടോ എന്നും അന്വേഷിക്കുമെന്ന് പൊലിസ് വ്യക്തമാക്കി.

കച്ചവടം തുടങ്ങുന്നതിനായി 40,000 ദീനാർ താൻ നൽകിയതായും ഇന്ത്യക്കാരൻ വാക്കുപാലിച്ചില്ലെന്നും തുക തിരികെ നൽകിയില്ലെന്നും സ്വദേശി പരാതിയിൽ പറഞ്ഞു.

17/1/13

## മൻെറ് ശ്രമം

## മ്മിറ്റിയുടെ
## കാര്യവും
## -നാസർ
## തങ്ങൾ

മ്മ്യൂണിറ്റി സ്കൂളിൽ യൂനി
വൽക്കരിച്ച കമ്മിറ്റിയുടെ ഭാ
സെക്രട്ടറിയുടെ പ്രസ്താവന
ാർഡ് അംഗം നാസർ മശ്ഹൂ
ുമായി ബന്ധപ്പെട്ട കാര്യങ്ങ
ക്കാര്യത്തിൽ ബോർഡ് അം
തമേ തനിക്കുള്ളൂവെന്നും അ
ക്തമാക്കി.
രണം ആവശ്യമാണ് എന്ന്
നിച്ചപ്പോൾ ബോർഡ് അംഗം
പിന്നീട് യൂനിഫോം കമ്മിറ്റി
ലുള്ളതായി ആരും അറിയി
റ്റിയുടെ ഭാഗമായിട്ടുമില്ല. ഇ
ന പറയുന്നുണ്ടെങ്കിൽ അത്
മാൻ കൂടിയായ നാസർ മശ്

തുസ്വത്തായ കമ്മ്യൂണിറ്റി സ്
താര്യത വേണം. യൂനിഫോം
ിച്ചതിലും സുതാര്യതയില്ലെ
ാധാന്യമേറിയ വിഷയമായി
ർ വിളിക്കുന്നില്ല -അദ്ദേഹം

ത്തോട് പറഞ്ഞു. ഇതിൻെറ ഭാ
മായി അടുത്ത ഞായറാഴ്ച നാ
ു പി.എ.സികളിലെയും 40 അം
ങ്ങളുടെ സംയുക്ത യോഗം
ചരുന്നുണ്ടെന്നും അദ്ദേഹം വ്യ
ക്തമാക്കി.

# കനിവിന് കാക്കാതെ അബ്ദുസ്സലാം യാത്രയായി

കുവൈത്ത് സിറ്റി: കനിവുള്ളവരുടെ കരുണ കാത്ത് ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിഞ്ഞിരുന്ന മലയാളി നിര്യാതനായി. രക്തസമ്മർദം കൂടി തലയിലെ ഞരമ്പ് തകർന്ന നിലയിൽ ഫർവാനിയ ആശുപത്രിയിൽ ചികിത്സയിലായിരുന്ന കൊല്ലം കരുനാഗപ്പള്ളി കോഴിക്കോട് സ്വദേശി പോച്ചയിൽ അബ്ദുസ്സലാം അബ്ദുറഹ്മാൻ (56) ചൊവ്വാഴ്ച രാത്രി മരിച്ചത്.



അബ്ദുസ്സലാമിൻെറ അവസ്ഥ ഗുരുതരമാണെന്നറിഞ്ഞ് സൗദിയിലുള്ള മകൻ ഷാനവാസ് കാണാൻ വരാൻ താൽപര്യം പ്രകടിപ്പിച്ചിരുന്നു. യൂത്ത് ഇന്ത്യ പ്രവർത്തകരുടെ ശ്രമപ്രകാരം ചൊവ്വാഴ്ച രാത്രി പത്ത് മണിയോടെ വിമാനമിറങ്ങിയ ഷാനവാസ് നേരെ ആുപത്രിയിലേക്കാണ് പോയത്. യന്ത്രസഹായം കൊണ്ടുമാത്രം ജീവൻ നിലനിർത്തിയിരുന്ന പിതാവിനെ ഷാനവാസ് ഒരുനോക്ക് കണ്ടപ്പോഴേക്കും മരണം സംഭവിച്ചു. ജീവിത പ്രാരാബ്ധങ്ങളിൽനിന്ന് കരകയറുകയെന്ന ലക്ഷ്യത്തോടെ ഷാനവാസ് മാസങ്ങൾക്കുമുമ്പ് മാത്രമാണ് വീട്ടുഡ്രൈവറായി സൗദിയിലെത്തിയത്. ശാഹിദ ബിവിയാണ് അബ്ദുസ്സലാമിൻെറ ഭാര്യ. മകൾ: ഷൈമ.

പത്ത് വർഷത്തോളമായി കുവൈത്തിലുള്ള അബ്ദുസ്സലാം നാലു വർഷമായി അർദിയയിലെ കുവൈത്തി വീട്ടിൽ ഡ്രൈവറായി ജോലി ചെയ്തുവരികയായിരുന്നു. അതിനിടെ, ഡിസംബർ 29നാണ് നിലത്തുവീണുകിടക്കുന്ന നിലയിൽ കണ്ടെത്തിയത്. ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും ഹൃദയത്തിൻെറയും തലച്ചോറിൻെറയും പ്രവർത്തനം ഏറക്കുറെ നിലക്കുകയും വൃക്കകൾ പ്രവർത്തനരഹിതമാവുകയുമായിരുന്നു. തലയിലെ ഞരമ്പിൽ രക്തം കട്ടപിടിച്ച് ബ്ലോക്കായി കിടക്കുന്നത് നീക്കം ചെയ്യാനുള്ള ഓപറേഷൻ നടത്താനുള്ള ശാരീരികശേഷി കൈവരിക്കാനായിരുന്നില്ല. അതിനിടെയാണ് നില ഗുരുതരമായി മരണത്തിന് കീഴടങ്ങിയത്.

ഏറക്കാലം സൗദിയിൽ തുഛമായ ശമ്പളത്തിന് ജോലി ചെയ്തശേഷം നാട്ടിലേക്ക് മടങ്ങിയെങ്കിലും മകളുടെ വിവാഹത്തോടെയുണ്ടായ സാമ്പത്തിക ബാധ്യതകൾ തീർക്കാൻവേണ്ടിയാണ് അബ്ദുസ്സലാം വീണ്ടും പ്രവാസഭൂമിയിലെത്തിയത്. അബ്ദുസ്സലാമിൻെറ ബന്ധുവും നാട്ടുകാരനുമായ ഷാബുവാണ് സഹായവുമായി മുഴുവൻ സമയവും ഒപ്പമുണ്ടായിരുന്നത്. യൂത്ത് ഇന്ത്യ ഹെൽപ് സെൻറർ പ്രവർത്തകരുടെ നേതൃത്വത്തിൽ മൃതദേഹം നാട്ടിലേക്ക് കൊണ്ടുപോവാനുള്ള ശ്രമം നടക്കുന്നു. നിർധനരായ ഇദ്ദേഹത്തിൻെറ കുടുംബത്തിനും കൂടുതൽ സഹായം ആവശ്യമുണ്ട്. സഹായിക്കാൻ താൽപര്യമുള്ളവർ യൂത്ത് ഇന്ത്യ പ്രവർത്തകരായ അസ്ലം (99631984), റിയാസ് (69920207), നവാസ് (60022820) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

## അറിയിപ്പ്

ചില സാങ്കേതിക കാരണങ്ങളാൽ ഇന്നലെ പത്രം വൈകിയതിൽ വായനക്കാർക്കുണ്ടായ ബുദ്ധിമുട്ടിൽ ഖേദിക്കുന്നു -പത്രാധിപർ